# ബൈബിൾ ടൈം
സമഗ്ര പഠനം

bes bible educational services

## A4-ആത്മരക്ഷ

### പാഠം 1 - അടിമത്തത്തിൽ നിന്നുള്ള രക്ഷ

**വായനഭാഗം:**
പുറപ്പാട് 11:1–6; 12:1–14, 29–31

**താക്കോൽ വാക്യം:**
**"നിങ്ങൾ പാർക്കുന്ന വീടുകളിന്മേൽ രക്തം അടയാളമായിരിക്കും; ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞുകടന്നുപോകും; ഞാൻ മിസ്രയീം ദേശത്തെ ബാധിക്കുന്ന ബാധ നിങ്ങൾക്കു നാശഹേതുവായിത്തീരുകയില്ല"** (പുറപ്പാട് 12:13)

പഴയനിയമപുസ്തകത്തിൽ, കർത്താവായ യേശുക്രിസ്തു മുഖാന്തരം ദൈവം നമുക്ക് ഒരുക്കിത്തന്നിട്ടുള്ള രക്ഷയെ സംബന്ധിച്ച ശ്രേഷ്ഠമേറിയ ധാരാളം "ചിത്രങ്ങൾ" അഥവാ ചിത്രീകരണങ്ങൾ കാണുവാൻ സാധിക്കും. ഈ പഠനപരമ്പരയിൽ, നമുക്ക് ഇവയിൽ നാലെണ്ണത്തെക്കുറിച്ചു പരിശോധിക്കാം.

400 വർഷത്തിലധികംകാലം, യിസ്രായേൽജനം മിസ്രയീമിൽ പരദേശികളായി പാർക്കുകയായിരുന്നു. അവരുടെ എണ്ണം വർദ്ധിച്ചു വന്നപ്പോൾ, അവർ തന്റെ രാജ്യത്തിനും ഭരണത്തിനും ഒരു ഭീഷണിയായിത്തീരുമോ എന്നു മിസ്രയീമിലെ രാജാവായിരുന്ന ഫറവോൻ ഭയപ്പെട്ടു. അതുകൊണ്ട് അവൻ അവരെ തന്റെ രാജ്യത്തിൽ അടിമകളാക്കിത്തീർക്കുകയും അവരോട് ദിവസം തോറും ഏറ്റവും കഠിനമായി പെരുമാറുകയും ചെയ്തു. ദൈവം അതു കണ്ടപ്പോൾ, തന്റെ ദാസനായ മോശെയെ വിളിച്ച് യിസ്രായേൽജനത്തെ വിട്ടയയ്ക്കണമെന്നു ആവശ്യപ്പെടുവാൻ അവനെ ഫറവോന്റെ അടുക്കൽ അയച്ചു. എന്നാൽ ഫറവോൻ ആ ആവശ്യം തള്ളിക്കളഞ്ഞു.

യിസ്രായേൽജനത്തെ വിട്ടയയ്ക്കുകയില്ല എന്ന തന്റെ തീരുമാനത്തിൽ ഫറവോരാജാവ് അധികമധികമായി ശാഠ്യം പിടിച്ചുനിന്ന സമയത്ത് ദൈവം മിസ്രയീംദേശത്തിന്മേൽ തുടർച്ചയായി പത്തു ബാധകളെ അഥവാ ന്യായവിധികളെ അയച്ചു, അവയിൽ ഏറ്റവും അവസാനത്തേത് "കടിഞ്ഞൂൽ സംഹാരം" എന്നറിയപ്പെടുന്നു. ഈ പത്താമത്തെ ബാധയിൽ, മിസ്രയീം ദേശത്തെ ഓരോ ഭവനത്തിലുമുള്ള മൂത്ത പുത്രൻ (അല്ലെങ്കിൽ "ആദ്യജാതൻ") മരിക്കേണ്ടത് ആവശ്യമായിരുന്നു; ഒരാൾ പോലും ഈ മരണത്തിൽ നിന്ന് ഒഴിഞ്ഞുപോകുമായിരുന്നില്ല. അതു സംഭവിച്ചപ്പോൾ, മിസ്രയീംദേശത്തൊക്കെയും വിവരിക്കുവാൻ കഴിയാത്ത അത്രയും വലിയ നിലവിളിയുണ്ടായി. ഫറവോനുണ്ടായ ദുഃഖം ഏറ്റവും വലിയതാകയാൽ, ഈ ബാധ കഴിഞ്ഞ ഉടനെ ഫറവോൻ തന്റെ അടിമകളായിരുന്ന യിസ്രായേൽജനത്തെ വിട്ടയയ്ക്കുവാൻ തയ്യാറായി. കടിഞ്ഞൂൽസംഹാരം അഥവാ 'ആദ്യജാതന്മാരുടെ മരണം' എന്ന ഈ ബാധയിൽ നിന്ന് മിസ്രയീംദേശത്ത്പരദേശികളായി പാർത്തിരുന്ന തന്റെ ജനത്തെ രക്ഷിക്കുന്നതിന് ദൈവം ഒരു പദ്ധതി ഒരുക്കി. ഈ അത്ഭുതകരമായ രക്ഷാമാർഗ്ഗത്തെക്കുറിച്ചുള്ള കാര്യങ്ങൾ ദൈവം മോശെയോട് വിശദമായി അരുളിച്ചെയ്തു.

ഈ രക്ഷാപദ്ധതി ഓരോ കുടുംബത്തിനും വേണ്ടിയുള്ളതായിരുന്നു, അത് ഒരു ആട്ടിൻ കുട്ടിയുടെ മരണത്തിൽ അടിസ്ഥാനപ്പെട്ടതായിരുന്നു. അതിനായി ഓരോ കുടുംബവും ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത ഒരു ആട്ടിൻ കുട്ടിയെ വീതം തിരഞ്ഞെടുത്തു, അതിനെ ചില ദിവസങ്ങൾ പ്രത്യേകമായി വേർതിരിച്ചു സൂക്ഷിച്ചതിനുശേഷം, നിശ്ചിതസമയത്ത് അതിനെ അറുത്തുകൊന്ന് ആ കുഞ്ഞാടിന്റെ രക്തത്തിൽ കുറെ എടുത്ത് ഓരോ യിസ്രായേല്യ ഭവനത്തിന്റെയും വാതിലിന്റെ രണ്ടു കട്ടിളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടി. അതു കഴിഞ്ഞതിനുശേഷം, കുടുംബാംഗങ്ങൾ മുഴുവൻ അകത്തു കയറി, തീയിൽ ചുട്ടതായ കുഞ്ഞാടിന്റെ മാംസം ഭക്ഷിക്കണം. "ആദ്യജാതന്മാരുടെ മരണം" സംഭവിച്ച ആ രാത്രിയിലായിരുന്നു ഈ കാര്യങ്ങളെല്ലാം നടന്നിരുന്നത്. എന്നാൽ, യിസ്രായേൽജനത്തെ സംബന്ധിച്ചിടത്തോളം, ഈ മഹാബാധ അവർക്കു നേരിടേണ്ടിവരികയില്ല എന്ന് അവർക്കു അറിയാമായിരുന്നു. കാരണം, ***"ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നുപോകും"*** *(പുറപ്പാട് 12:13)* എന്ന് ദൈവം അവർക്ക് വാഗ്ദത്തം നൽകിയിട്ടുണ്ടായിരുന്നു.

അത് എത്രയോ ഭീകരമായ ഒരു രാത്രിയായിരുന്നിരിക്കണം! അന്ന് മിസ്രയീംദേശത്ത് രക്തം അടയാളമായി കാണാതിരുന്ന ഓരോ വീട്ടിലേയ്ക്കും മരണവും ഭയാനകമായദുഃഖവും കടന്നു ചെന്നു. എന്നാൽ, ആ ദേശത്തു പരദേശികളായി യിസ്രായേല്യഭവനങ്ങളിൽ പാർത്തിരുന്നവർക്ക് ജീവനും സ്വാതന്ത്ര്യവും അനുഭവിക്കുവാൻ സാധിച്ചു.കാരണം, കടിഞ്ഞൂൽസംഹാരം നടന്ന ആ രാത്രിയിൽ തന്നേ, ഫറവോൻ അവർക്കു മിസ്രയീംദേശം വിട്ടുപോകുവാൻ അനുവാദം നൽകി. അനേകലക്ഷങ്ങളായി പെരുകിയിരുന്ന ആ ജനം അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ജയത്തോടെ അണിയണിയായി നടന്നുനീങ്ങി!

യിസ്രായേൽജനത്തിന്റെ ദീർഘകാലചരിത്രം പരിശോധിച്ചാൽ, ഇതായിരുന്നുഅവർക്കു ലഭിച്ച ഏറ്റവും വലിയ "രക്ഷ". മറ്റു സന്ദർഭങ്ങളിൽ ദൈവം അവരെ പലവിധ കഷ്ടതകളിൽ നിന്നു രക്ഷിച്ചിട്ടുണ്ട്. എന്നാൽ "മിസ്രയീമിൽ നിന്നുള്ള പുറപ്പാട് " മറ്റെല്ലാറ്റിനേക്കാളും വലിയ ഒരു രക്ഷയായിരുന്നു. ലോകത്തെല്ലായിടത്തുമുള്ള എല്ലാ യെഹൂദന്മാരും, ഈ നാളുകൾ വരെയും ഈ മഹാരക്ഷയെ ഒരു ജ്ഞാപകമായി എല്ലാ വർഷവും ഓർത്ത് ആചരിക്കാറുണ്ട്. എന്നാൽ, നമ്മെ സംബന്ധിച്ചിടത്തോളം ഇതിന് ഏറ്റവും പ്രത്യേകതയുള്ള ഒരു അർത്ഥവും പ്രാധാന്യവുമുണ്ട്, കാരണം ഇത് നമുക്കുവേണ്ടി ദൈവം ഒരുക്കിയ ഇക്കാലത്തെ രക്ഷാമാർഗ്ഗത്തെ വളരെ വ്യക്തമായി വരച്ചുകാട്ടുന്നുണ്ട്. പുറപ്പാടുപുസ്തകത്തിൽ കാണുന്ന "രക്ഷ"യിൽ അടങ്ങിയിരിക്കുന്ന സത്യങ്ങൾ എപ്രകാരമാണ് ദൈവം ഇന്ന് പാപികളുടെ രക്ഷയ്ക്കായി ഒരുക്കിയിരിക്കുന്ന മാർഗ്ഗത്തെക്കുറിച്ചുള്ള പുതിയനിയമത്തിലെ ഉപദേശവുമായി ചേർന്നിരിക്കുന്നതെന്ന കാര്യം നന്നായി ശ്രദ്ധിക്കുക.


പിരമിഡ് (ഈജിപ്റ്റ്) അവലംബം: വിക്കിപീഡിയ

**പുറപ്പാട്:** ആദ്യജാതൻ മരണവിധിക്ക് വിധേയനായിരുന്നു, അവന് വിടുതൽ ആവശ്യമായിരുന്നു.

**ഇന്ന്:** പാപികൾ എന്ന നിലയിൽ നാം ദൈവമുമ്പാകെ ശിക്ഷാവിധിക്കു യോഗ്യരാണ്.അതിനാൽ നമുക്ക് രക്ഷ ആവശ്യമാണ് ***(റോമർ 3:23; 5:12).***

**പുറപ്പാട്:** ദൈവം ഒരു കുഞ്ഞാടിലൂടെ രക്ഷ ഒരുക്കി.

**ഇന്ന്:** ദൈവപുത്രനും നമ്മുടെ കർത്താവുമായ യേശുവിനെ ***"ദൈവത്തിന്റെ കുഞ്ഞാട്"*** എന്നു പറഞ്ഞിരിക്കുന്നു ***(യോഹന്നാൻ 1:29).***

**പുറപ്പാട്:** യിസ്രായേൽജനത്തിന് വിടുതൽ ലഭിക്കുന്നതിനായി ഒരു കുഞ്ഞാട് അറുക്കപ്പെടേണ്ടത് ആവശ്യമായിരുന്നു.

**ഇന്ന്:** നമുക്കു രക്ഷ ലഭിക്കുന്നതിനായി കർത്താവായ യേശുക്രിസ്തുവിന്റെ മരണം തികച്ചും ആവശ്യമായിരുന്നു ***(1 കൊരിന്ത്യർ 5:7; 1 പത്രൊസ് 2:24; 1 പത്രൊസ് 3:18).***

**പുറപ്പാട്:** കുഞ്ഞാടിന്റെ (മരണത്താൽ,ആദ്യജാതന്റെ) സ്ഥാനം ഏറ്റെടുത്തു. അത് "അവനുവേണ്ടി" മരിച്ചു.

**ഇന്ന്:** കർത്താവായ യേശു ***"നമുക്കുവേണ്ടി"*** മരിച്ചു ***(റോമർ 5:8).*** അവൻ ***"എനിക്കുവേണ്ടി"*** തന്നെത്താൻ ഏല്പിച്ചുകൊടുത്തു ***(ഗലാത്യർ 2:20).***

**പുറപ്പാട്:** മനസ്സമാധാനത്തിനു വേണ്ടിയും, എല്ലാം സുരക്ഷിതമായിരിക്കുന്നു എന്ന ഉറപ്പിനുവേണ്ടിയും, ആദ്യജാതൻ ദൈവത്തിന്റെ വാഗ്ദത്തത്തിൽ വിശ്വസിച്ച് ആശ്രയിക്കുക മാത്രമേ വേണ്ടിയിരുന്നുള്ളൂ. താക്കോൽവാക്യം കാണുക.

**ഇന്ന്:** ഇന്ന്, നാം ദൈവം അരുളിച്ചെയ്ത വചനങ്ങളിൽ വിശ്വസിക്കുന്നു; അവനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കും എന്ന ദൈവിക വാഗ്ദത്തത്തിൽ വിശ്വസിച്ച് ആശ്രയിക്കുകയും ചെയ്യുന്നു ***(യോഹന്നാൻ 3:16).***

**ഇത് ആത്മരക്ഷ എന്ന വിഷയത്തിൽ മൂന്നു യൂണിറ്റ് പാഠങ്ങൾ ഉള്ളതിൽ രണ്ടാമത്തേതാണ്**

# ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

## A4-ആത്മരക്ഷ

## പാഠം 2 - യിസ്രായേൽ ജനത്തിന്റെ ചെങ്കടൽ അനുഭവം

**വായനഭാഗം:**
**പുറപ്പാട് 14:1–31; 15:1–7**

**താക്കോൽ വാക്യം:**
**"എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ; അവൻ എനിക്കു രക്ഷയായിത്തീർന്നു. അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും (പുറപ്പാട് 15:2)."**

ഫറവോന്റെ മാനസാന്തരം കുറച്ചുസമയത്തേയ്ക്കു മാത്രമുള്ളതായിരുന്നു! യിസ്രായേൽജനം അവരുടെ വാഗ്ദത്തദേശത്തേയ്ക്കു യാത്ര പുറപ്പെട്ടുപോയി എന്ന് അറിഞ്ഞ ഉടൻ തന്നേ, അവർക്കുപോകുവാൻ അനുവാദം കൊടുത്തത് തെറ്റാണെന്നു ഫറവോനു തോന്നി. അവരെ തിരിച്ചു പിടിച്ചുകൊണ്ടു വരുന്നതിനായി തന്റെ സൈന്യത്തെ അവരുടെ പിന്നാലെ അയയ്ക്കുന്നതിന് അവൻ തീരുമാനിച്ചു!

യിസ്രായേൽജനത്തിന് അവർ കുടുങ്ങിപ്പോയി എന്നു തോന്നി. അവർക്കു മുമ്പിൽ ചെങ്കടലായിരുന്നു; അവരുടെ പിന്നാലെ രഥങ്ങളും കുതിരകളും കുതിരപ്പടയുമായി മിസ്രയീമ്യരുടെ ഒരു വലിയ സൈന്യം പാഞ്ഞടുത്തുകൊണ്ടിരുന്നു! ഒരിക്കലും രക്ഷപെടുവാൻ സാധ്യമല്ല എന്ന നിലയിൽ അവർ ഒരു വിഷമഘട്ടത്തിലായി. അങ്ങനെയുള്ള ഒരു വിഷമസ്ഥിതിയിൽ നിന്ന് അവരെ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയുമായിരുന്നുള്ളൂ.


അതുതന്നേയാണ് ദൈവം ചെയ്തത്! രാത്രി മുഴുവൻ ദൈവം കടലിന്മീതെ മഹാശക്തിയുള്ള ഒരു കിഴക്കൻ കാറ്റ് അടിപ്പിച്ചു കടൽ പിന്നോട്ടു മാറിപ്പോകുവാനിടയാക്കി. അങ്ങനെ യിസ്രായേൽജനത്തിന് ഉണങ്ങിയ നിലത്തു കൂടെ നടന്നു പോകുവാൻ വഴിയൊരുക്കിക്കൊടുത്തു, അവർ ആ വഴിയിലൂടെ സുരക്ഷിതരായി അക്കരെ കടന്നു.അതുപോലെ ചെയ്യുവാൻ മിസ്രയീമ്യർ ശ്രമിച്ചപ്പോൾ, വെള്ളം പൂർവ്വസ്ഥിതിയിലേയ്ക്കു മടങ്ങിവന്നതിനാൽ അവരെല്ലാവരും കടലിൽ മുങ്ങിമരിച്ചു.


ഫറവോ അവലംബം: വിക്കിപീഡിയ

ദൈവം ഈ വിധത്തിൽ യിസ്രായേൽജനത്തിനു നൽകിയ അത്ഭുതകരമായ വിടുതൽ, കർത്താവായ യേശുക്രിസ്തുവിൽ ദൈവം നമുക്കു ഒരുക്കിയിരിക്കുന്ന രക്ഷയെ സംബന്ധിച്ച ചില പ്രധാന കാര്യങ്ങൾ മനസ്സിലാക്കുന്നതിന് നമ്മെ സഹായിക്കുന്നുണ്ട്.

### തികഞ്ഞ നിസ്സഹായാവസ്ഥ

അവർ അകപ്പെട്ടുപോയ വിഷമാവസ്ഥയിൽനിന്ന് സ്വയം രക്ഷപെടുന്നതിന് അവർക്കു ചെയ്യുവാൻ കഴിയുന്ന ഒരു കാര്യവുമുണ്ടായിരുന്നില്ല.


ചെങ്കടൽ : അവലംബം: വിക്കിപീഡിയ

നമ്മെ സംബന്ധിച്ചിടത്തോളം, നമുക്കു സമ്മതിക്കുവാൻ ഏറ്റവും ബുദ്ധിമുട്ടുള്ള യാഥാർത്ഥ്യങ്ങളിൽ ഒന്ന്, നമ്മുടെ പാപങ്ങളിൽ നിന്ന് സ്വയം രക്ഷപെടുവാൻ നമുക്ക് ഒരിക്കലും കഴിയുന്നതല്ല എന്ന കാര്യമാണ്. എന്നിരുന്നാലും ബൈബിൾ നമ്മെ കൃത്യമായി പഠിപ്പിക്കുന്ന ഒരു സത്യം അതുതന്നേയാണ് ഉദാഹരണമായി, ***റോമർ 5:6*** വായിക്കുക. നാം ചെയ്യുന്ന ഏറ്റവും നല്ല പ്രവൃത്തിക്കുപോലും നമ്മെ രക്ഷിക്കുവാൻ സാധിക്കുകയില്ല. **ദൈവം നമ്മെ "നാം ചെയ്ത നീതിപ്രവൃത്തികളാൽ അല്ല" രക്ഷിച്ചത്**, എന്നു ***തീത്തൊസ് 3:5***ൽ പറഞ്ഞിരിക്കുന്നു. ദൈവം പാപികളെ രക്ഷിക്കുന്നത് അവർ ചെയ്യുന്ന നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമാണ്. നമ്മുടെ പരിശ്രമങ്ങളുടെ ഫലമായി നമുക്കു രക്ഷ പ്രാപിക്കാമായിരുന്നുവെങ്കിൽ, കർത്താവായ യേശു ക്രൂശിൽ മരിക്കേണ്ടതായ ആവശ്യം ഉണ്ടാകുമായിരുന്നില്ല!

### പൂർണ്ണമായകരുതൽ

യിസ്രായേൽജനത്തെ ഫറവോന്റെ കൈകളിൽ നിന്നു രക്ഷിക്കുന്നതിനുവേണ്ടി ചെയ്യുവാനാവശ്യമായിരുന്ന കാര്യങ്ങൾ മുഴുവൻ ദൈവം ചെയ്തു. അത് അവർക്ക് വളരെ അത്യാവശ്യം നേരിട്ട ഒരു സന്ദർഭത്തിൽ, അവർക്കു കേവലം ഒരു "സഹായഹസ്തം" നീട്ടിക്കൊടുക്കേണ്ടതായ ഒരു കാര്യമായിരുന്നില്ല. ദൈവത്തിന്റെ രക്ഷാശക്തി അത്രയും വലുതായിരുന്നതിനാൽ, മോശെ ജനത്തോട് ഇപ്രകാരം പറഞ്ഞു: ***"ഭയപ്പെടേണ്ടാ; ഉറച്ചുനില്പിൻ; യഹോവ ഇന്ന് നിങ്ങൾക്കു ചെയ്യുവാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ" (പുറപ്പാട് 14:3).***

ഇത് പുതിയനിയമസുവിശേഷത്തിന്റെ കാതലായ സത്യത്തെ ചിത്രീകരിക്കുന്നു: നാം ദൈവത്തോടു നിരപ്പു പ്രാപിക്കുന്നതിനാവശ്യമായ സകല കാര്യങ്ങളും ദൈവം ചെയ്തിരിക്കുന്നു. അവിടുന്ന് നമുക്ക് കർത്താവായ യേശു എന്ന രക്ഷിതാവിനെ തന്നിട്ടുണ്ട്. അവൻ കാൽവറിയിലെ ക്രൂശിൽ മരിച്ചപ്പോൾ നമ്മുടെ ഓരോരുത്തരുടെയും പാപം അവൻ വഹിക്കുകയായിരുന്നു. അവൻ നമുക്കായി ചെയ്ത പ്രവൃത്തികൾ പൂർണ്ണമായിരുന്നു, അന്തിമവുമായിരുന്നു. അതിന്റെ അർത്ഥം, അത് ഇനിയും ആവർത്തിക്കേണ്ടതായ ആവശ്യമില്ല! ***(എബ്രായർ 10:12).*** കർത്താവായ യേശു കാൽവറിയിലെക്രൂശിൽ പൂർത്തിയാക്കിയ തന്റെ പ്രവൃത്തിയിൽ, നമുക്ക് ഇന്ന് **"യഹോവയുടെ രക്ഷ"** കാണുവാൻ സാധിക്കുന്നു.

### വ്യക്തിപരമായ ഉത്തരവാദിത്തം

യിസ്രായേൽ ജനത്തിനു വേണ്ടി ദൈവം ചെങ്കടലിന്റെ നടുവിൽ കൂടെ ഒരുക്കിക്കൊടുത്ത പാതയിലേയ്ക്ക് അവർ ഇറങ്ങിവരേണ്ടത് ആവശ്യമായിരുന്നു.പാത തയ്യാറായിക്കഴിഞ്ഞപ്പോൾ, യഹോവ മോശെയോടു പറഞ്ഞു, ***"മുമ്പോട്ടുപോകുവാൻ യിസ്രായേൽമക്കളോടു പറക" (പുറ. 14:15).*** അങ്ങനെ ചെയ്തപ്പോൾ, ദൈവം അവർക്കായി ചെയ്ത കാര്യങ്ങളുടെ സ്വീകാര്യത അവർ വെളിപ്പെടുത്തിക്കാണിക്കുകയായിരുന്നു.

ദൈവം നമുക്കായി ഒരുക്കിയിട്ടുള്ള രക്ഷാമാർഗ്ഗം സ്വീകരിക്കുന്നതിനുള്ള വ്യക്തിപരമായ ഉത്തരവാദിത്തം നമുക്ക് ഓരോരുത്തർക്കുമുണ്ടെന്ന കാര്യം നാം ഒരിക്കലും മറന്നുപോകരുത്. രക്ഷിതാവിനെക്കുറിച്ചു കേട്ടതുകൊണ്ടുമാത്രം നാം രക്ഷിക്കപ്പെടുന്നില്ല. വ്യക്തിപരമായ നിലയിൽ നാം ഓരോരുത്തരും അവനെ നമ്മുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും നമ്മെ പൂർണ്ണമായും അവനിൽ വിശ്വസിച്ച് ഏല്പിച്ചു കൊടുക്കുകയും ചെയ്യണം. താങ്കൾ അങ്ങനെ ഒരു നടപടി സ്വീകരിച്ചിട്ടുണ്ടോ?

**ഇത് ആത്മരക്ഷ എന്ന വിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ രണ്ടാമത്തേതാണ്.**

# ഉത്തരക്കടലാസ്സ്

## A4-ആത്മരക്ഷ

### പാഠം 1 - അടിമത്തത്തിൽ നിന്നുള്ള രക്ഷ

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ________________

**വിലാസം:** ________________

**1. വിട്ടുപോയ പദങ്ങൾ പൂരിപ്പിക്കുക** / 5

യിസ്രായേൽജനം ____________ ദേശത്ത് അടിമകളായിരുന്നു. മിസ്രയീമിലെ രാജാവിന്റെ മറ്റൊരു പേര് ____________ എന്നായിരുന്നു. യിസ്രായേൽ ജനത്തെ വിട്ടയയ്ക്കുക എന്നു പറയുന്നതിനായി ദൈവം ____________ അയച്ചു. ഫറവോൻ ജനത്തെ വിട്ടയയ്ക്കുന്നതു നിരസിക്കുകയും അവൻ കൂടുതൽ കൂടുതൽ ____________ ചെയ്തു. ദൈവം മിസ്രയീമിൽ ആകെ ____________ ബാധകൾ അയച്ചു.

**2. *പുറപ്പാട് 11:4–6* വീണ്ടും വായിക്കുക. ഒടുവിലത്തെ ബാധ അല്ലെങ്കിൽ ന്യായവിധി എന്തായിരുന്നു എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിവരിക്കുക.** / 2

________________

________________

________________

**3. *പുറപ്പാട് 12: 1–7 വീണ്ടും വായിക്കുക*** / 8

A) മാസത്തിന്റെ പത്താം ദിവസം യിസ്രായേൽജനം എന്തായിരുന്നു ചെയ്യേണ്ടിയിരുന്നത്?

________________

B) ജനം തിരഞ്ഞെടുക്കുന്ന ആട്ടിൻ കുട്ടിയെ സംബന്ധിച്ച് അവരോടു പറഞ്ഞ മൂന്നു കാര്യങ്ങൾ എന്തെല്ലാമായിരുന്നു?

________________

C) ആട്ടിൻ കുട്ടിയെ അവർ എത്രനാൾ സൂക്ഷിക്കണമായിരുന്നു?

________________

D) മാസത്തിന്റെ 14 -ാം ദിവസം യിസ്രായേൽജനം ചെയ്യുവാനാവശ്യമായിരുന്ന മൂന്നു കാര്യങ്ങൾ എന്തെല്ലാം എന്ന് എഴുതുക?

________________

**4. *1 പത്രൊസ് 1:18, 19* ൽ, പത്രൊസ് എഴുതിയിരിക്കുന്നത് വായിക്കുക. അവൻ കർത്താവായ യേശുവിനെക്കുറിച്ച് എങ്ങനെയാണു വിവരിച്ചിരിക്കുന്നതെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.** / 2

________________

________________

**5. *1 കൊരിന്ത്യർ 5:7*ൽ, "നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു" എന്ന് എഴുതിയിട്ടുണ്ട്. ഇതിന്റെ അർത്ഥമെന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക** / 2

________________

________________

**6. യെഹൂദജനം മിസ്രയീമിൽനിന്നു വിടുതൽ പ്രാപിച്ചതിന്റെ ഓർമ്മ കൊണ്ടാടുന്ന വാർഷിക ഉത്സവത്തിന് ഒരു പേരുണ്ട്.** / 4

A) ആ പേര് എന്താണ്? (***പുറപ്പാട് 12:27; മർക്കൊസ് 14:1*** വായിക്കുക)

________________

B) അങ്ങനെ വിളിക്കുന്നതിനുള്ള ഒരു കാരണം പറയാമോ?

________________

**7. *ദൈവം നമുക്കായി ഒരുക്കിയിട്ടുള്ള രക്ഷ പ്രാപിക്കുന്നതിന് നാം എന്താണു ചെയ്യേണ്ടത്?*** / 2

________________

________________

________________

________________

**ചിന്തിക്കുക:** ദൈവം തന്റെ പുത്രനായ യേശുവിനെ, ദൈവത്തിന്റെ കുഞ്ഞാടായി, താങ്കൾക്കുവേണ്ടി ക്രൂശിൽ മരിക്കുന്നതിനു അയച്ച കാര്യം ഓർത്ത് താങ്കൾ ദൈവത്തിനു നന്ദി പറഞ്ഞിട്ടുണ്ടോ?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്
## A4-ആത്മരക്ഷ
### പാഠം 2 - യിസ്രായേൽ ജനത്തിന്റെ ചെങ്കടൽ അനുഭവം

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:** / 4

A) യിസ്രായേൽജനം വലിയ അപകടത്തിലായത് എന്തുകൊണ്ട്?

B) ദൈവം എങ്ങനെയാണ് അവരെ രക്ഷിച്ചത്?

2. **ബൈബിൾ നമ്മോടു പറയുന്നത്, നാമും വലിയ അപകടത്തിലായിരിക്കുന്നുവെന്നുംദൈവത്തിന്റെ രക്ഷ നമുക്ക് ആവശ്യമുണ്ട് എന്നുമാണ്. നാം എപ്രകാരമാണ് അപകടത്തിലായിരിക്കുന്നത്?** /2

3. **രക്ഷിക്കപ്പെടുന്നതിനുവേണ്ടി നാം എന്താണു ചെയ്യേണ്ടതെന്നു വ്യക്തമാക്കുന്ന ധാരാളം വാക്യങ്ങൾ ബൈബിളിലുണ്ട്. താഴെ കൊടുത്തിരിക്കുന്ന വാക്യസൂചനകൾ നോക്കി ആ വാക്യത്തിൽ നാം രക്ഷിക്കപ്പെടുവാൻ വേണ്ടി ചെയ്യണമെന്നു പറഞ്ഞിരിക്കുന്ന കാര്യം ഒരു വാക്കിൽ എഴുതുക.** / 3

A) ***അപ്പൊസ്തലപ്രവൃത്തി 16:31*** ____________

B) ***യോഹന്നാൻ 1:12*** ____________

C) ***മത്തായി 11:28*** ____________

4. **ചില മനുഷ്യർ വിചാരിക്കുന്നത് അവർക്ക് സ്വയപരിശ്രമത്താൽ സ്വർഗ്ഗത്തിൽ പോകുവാൻ യോഗ്യത നേടാം എന്നാണ്. ഈ ആശയത്തെ ഖണ്ഡിക്കുന്ന ഒരു ബൈബിൾ വാക്യം എഴുതുക.** / 2

5. ***താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക:*** / 6

A) ***പുറപ്പാടു 14:13*** വായിക്കുക. അവിടെ മോശെ യിസ്രായേൽ ജനത്തോട് എന്തു ചെയ്യുവാനാണ് പറഞ്ഞത്?

B) ***പുറപ്പാട് 14:31*** നോക്കുക. അവിടെ യിസ്രായേൽജനം എന്താണ് അവരുടെ കണ്ണുകൾ കൊണ്ടു കണ്ടത്? അതു കണ്ടപ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നു?

6. **കർത്താവായ യേശു ക്രൂശിൽ കിടന്നുകൊണ്ട് അവൻ നമ്മുടെ രക്ഷയ്ക്ക് ആവശ്യമായതു മുഴുവൻ ചെയ്തു തീർത്തു എന്ന അർത്ഥത്തിൽ ഒരു വാക്ക് ഉറക്കെ പറഞ്ഞു.** /4

A) ***യോഹന്നാൻ 19:30*** ലെ ആ വാക്ക് എടുത്തെഴുതുക

B) രക്ഷയുടെ സുവിശേഷം കേൾക്കുമ്പോൾ എന്താണ് നമുക്ക് 'വ്യക്തിപരമായി ചെയ്യുവാനുള്ള ഉത്തരവാദിത്തം'?

7. **യിസ്രായേൽജനം ചെങ്കടൽ കടന്ന് അക്കരെയെത്തിയപ്പോൾ, അവർ യഹോവയ്ക്ക് ഒരു പാട്ടു പാടി. *പുറപ്പാട് 15:2* വീണ്ടും വായിച്ചതിനുശേഷം താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക:** / 3

A) എന്തിനാണ് അവർ യഹോവയ്ക്കു പാട്ടു പാടിയത്?

B) അവർ ആ പാട്ടിൽ ദൈവത്തെ പ്രകീർത്തിച്ചു പറഞ്ഞ മൂന്നു കാര്യങ്ങൾ ക്രമമായി എഴുതുക

**ചിന്തിക്കുക:** നിങ്ങൾ പ്രാപിച്ച രക്ഷയെക്കുറിച്ച് ദൈവത്തിന് ഒരു സ്തുതിഗീതം രചിക്കുവാനിടയായാൽ, നിങ്ങൾ അതിൽ പറയുവാനാഗ്രഹിക്കുന്നത് എന്തായിരിക്കും

**ആകെ മാർക്ക്** / 25

# A4-ആത്മരക്ഷ

## പാഠം 3 - പാറയിൽ നിന്നു വെള്ളം

**വായനഭാഗം:**

**പുറപ്പാട് 17:1–7**

**താക്കോൽ വാക്യം:**

**"ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ"** (വെളിപ്പാട് 22:17)

*പുറപ്പാടുപുസ്തകം 17*-ാം അദ്ധ്യായത്തിൽ യിസ്രായേൽജനത്തിന് വെള്ളം ലഭിക്കാതിരുന്നതുകൊണ്ടു സംഭവിച്ച ചിലപ്രശ്നങ്ങളെക്കുറിച്ചു വിവരിച്ചിട്ടുണ്ട്. ചുട്ടുപൊള്ളുന്ന മരുഭൂമിയിലൂടെ യാത്രചെയ്തു നീങ്ങുന്നതിനിടെ വെള്ളം കിട്ടാതിരുന്ന അവസ്ഥ, അവരെ സംബന്ധിച്ചിടത്തോളം എത്രയോ ഭയാനകമായിരുന്നിരിക്കാം! അവർക്ക് അങ്ങേയറ്റം ദാഹവും ചൂടും അനുഭവപ്പെട്ടതിനാൽ അവർ അവരെ നടത്തിക്കൊണ്ടുവന്ന മോശെയോട് കോപാകുലരായി.

എന്നാൽ, അങ്ങനെയുള്ള ഒരു വിഷമഘട്ടത്തിലും ദൈവം അവരുടെ രക്ഷകനായി. അവൻ മോശെയോട് അവന്റെ വടിയുമായി ഒരു വലിയ പാറയുടെ അടുത്തെത്തി അതിനെ അടിക്കുവാൻ കല്പിച്ചു. അവിടെ ദൈവം ഒരു മഹാത്ഭുതം പ്രവർത്തിച്ചു. പാറയെ അടിച്ചപ്പോൾ അതിൽ നിന്നും തണുത്ത തെളിനീർ അരുവിയായി പൊട്ടിപ്പുറപ്പെട്ടു.

യിസ്രായേൽജനം മിസ്രയീമിൽനിന്നും കനാനിലേയ്ക്കു യാത്ര ചെയ്തതിനിടയിൽ സംഭവിച്ച ഈ സംഭവം, ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന രക്ഷയുടെ മറ്റു ചില സവിശേഷതകൾ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു.



1862ൽ സീനായ് മരുഭൂമി അവലംബം: വിക്കിപീഡിയ

### 1. ജനത്തിന്റെ ദാഹം

യിസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം അവരുടെ ദാഹം അവരുടെ ഭൗതികശരീരത്തിലായിരുന്നു അനുഭവമായത്. കഠിനമായ ചൂടുനിമിത്തം അവരുടെ നാവു വരളുകയും തൊണ്ട ഉണങ്ങുകയും തൽഫലമായി ശരീരം തളരുകയും ചെയ്തു. ഇന്നു ജീവിച്ചിരിക്കുന്ന നമ്മെ സംബന്ധിച്ച്, അവരുടെ ദാഹം, നമ്മുടെ അന്തരാത്മാവിൽ നാം അനുഭവിക്കുന്ന ആത്മീയദാഹത്തിന്റെ, ആത്മീയശൂന്യതയുടെ ഒരു "ചിത്രം" ആയിരിക്കുന്നു. അത് നാം ദൈവത്തെ കൂടാതെയും യേശുവിനെ നമ്മുടെ രക്ഷിതാവായി സ്വീകരിക്കാതെയും ജീവിക്കുമ്പോൾ നമുക്ക് അനുഭവമാകുന്ന ഒരു ദാഹമാണ്. കർത്താവായ യേശുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്നതുവരെയും നമ്മുടെ ഉള്ളിൽ ആഴത്തിൽ അനുഭവപ്പെടുന്ന ഈ ദാഹം ശമിക്കപ്പെടാതെ അങ്ങനെ തന്നേ നിൽക്കും.

ഈ സംഭവം നമുക്ക് അതിപ്രധാനമായ ഒരു പാഠം നൽകുന്നുണ്ട്. നാം കർത്താവായ യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് ആത്മരക്ഷ പ്രാപിക്കുമ്പോൾ, അവൻ നമ്മുടെ ജീവിതത്തിൽ ശരിയായുള്ള പൂർണ്ണതൃപ്തി വരുവാൻ ഇടയാക്കുന്നു. മനുഷ്യർ തങ്ങൾക്കു സാധിക്കുന്ന എല്ലാ മാർഗ്ഗങ്ങളിലൂടെയും സമാധാനവും സംതൃപ്തിയും കണ്ടെത്താൻ ശ്രമിക്കാറുണ്ട്, എങ്കിലും അവർ പലപ്പോഴും നിരാശരായിത്തീരുന്നു! കർത്താവായ യേശു എന്ന ഏകവ്യക്തിക്കു മാത്രമേ നമ്മെ രക്ഷിക്കുവാനും നമ്മെ തൃപ്തരാക്കുവാനും കഴിയുകയുള്ളൂ. ***യോഹന്നാൻ 4:13,14***ൽ പറഞ്ഞിരിക്കുന്നത് വായിച്ചുനോക്കുക. അവിടെ, ***"ഞാൻ കൊടുക്കുന്ന വെള്ളം"*** എന്നു പറയുമ്പോൾ, ആലങ്കാരികമായിട്ട് സംതൃപ്തിയുടെ ഉറവിടം എന്ന നിലയിൽ തന്നെക്കുറിച്ചു തന്നേയാണു പറഞ്ഞിരിക്കുന്നത്. ***യോഹന്നാൻ 7:37– 38***ലും ഇതുപോലെയുള്ള ഒരു വാക്യം കാണുവാൻ സാധിക്കും, അതു വായിച്ചുനോക്കുക.

### 2. പാറയെ അടിക്കുന്നു

മോശെ അടിച്ച പാറ നാം സാധാരണ കാണാറുള്ളതും നമുക്കറിയാവുന്നതുമായ പാറകൾ പോലെ തന്നേയുള്ള ഒരു പാറയായിരുന്നു. ഈ മഹാത്ഭുതം ചെയ്തത് ദൈവമായിരുന്നു, വെള്ളം സമൃദ്ധിയായി ഒഴുകി!

ഈ പാറ നമ്മുടെ കർത്താവായ യേശുവിനെ ചിത്രീകരിക്കുന്നു എന്നതും സത്യമാണ്, ക്രൂശിൽ മരിച്ചപ്പോൾ അവൻ നമുക്കുവേണ്ടി അടിയേൽക്കുകയായിരുന്നു ***(യെശയ്യാവ് 53:4)***. അങ്ങനെ ഇവിടെയും, ഒരു ശ്രേഷ്ഠമേറിയ സുവിശേഷസത്യം നമ്മുടെ ഓർമ്മയിലേയ്ക്കു വരുവാൻ ഇടയാകുന്നു കർത്താവായ യേശുവിന്റെ മരണത്താൽ മാത്രമേ "ജീവന്റെ വെള്ളം" നമുക്കു ലഭ്യമാകുന്നുള്ളൂ.അവന്റെ കഷ്ടാനുഭവങ്ങളാലും മരണത്താലുമല്ലാതെ നമുക്കു രക്ഷ ലഭിക്കുകയും ഇല്ല. അവൻ "യുഗങ്ങളുടെ പാറ" യാണ്. ആ നിലയിൽ അവനെക്കുറിച്ച് A.M Toplandy എഴുതിയ *"Rock of Ages"* എന്ന പ്രശസ്തഗാനത്തിന്റെ മലയാളം ഇങ്ങനെയാണ്:

"പിളർന്നൊരു പാറയെ നിന്നിൽ ഞാൻ മറയട്ടെ
തുറന്ന നിൻ ചങ്കിലെ രക്തനീർ എൻ പാപത്തെ
നീക്കി സുഖം നൽകട്ടെ മുറ്റും രക്ഷിക്കയെന്നെ"



യുഗങ്ങളുടെ പാറ അവലംബം: വിക്കിപീഡിയ

### 3. സമൃദ്ധമായി ഒഴുകിയെത്തിയ വെള്ളം

പാറയിൽ നിന്നും വെള്ളം പൊട്ടിപ്പുറപ്പെട്ടപ്പോൾ, അത് ജനത്തിനും അവരുടെ കന്നുകാലികൾക്കും ആവശ്യമായതിലധികം ഉണ്ടായിരുന്നു! ഒരു യിസ്രായേല്യൻ പോലും ദാഹിച്ചവനായി കഴിയേണ്ടിവന്നില്ല. "ഇവിടെ എനിക്കു വെള്ളം ഇല്ല" എന്ന് ആർക്കും പറയേണ്ടിവന്നുമില്ല. ആർക്കെല്ലാം വെള്ളം ആവശ്യമായിരുന്നോ, അവർക്കെല്ലാം അത് സമൃദ്ധിയായും സൗജന്യമായും ലഭിച്ചു!

ദൈവം സകല മനുഷ്യർക്കുമായി ഒരുക്കിയിരിക്കുന്ന മഹാരക്ഷയുടെ കാര്യത്തിലും ഇത് എത്രയോ സത്യമായിരിക്കുന്നു! പഴയനിയമകാലത്ത്, ജനങ്ങൾ ***"സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽ നിന്നു വെള്ളം കോരും"*** എന്ന് യെശയ്യാപ്രവാചകൻ പ്രവചിച്ചിരുന്നു ***(യെശയ്യാവ് 12:3)***. ബൈബിളിന്റെ അവസാനഭാഗത്തു കാണുന്ന സന്ദേശവും അതുതന്നേ, ***"ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളിപ്പാട് 22:17, താക്കോൽവാക്യം)***

വെള്ളം വാങ്ങിക്കുടിക്കുക എന്നത് തികച്ചും വ്യക്തിപരമായ ഒരു കാര്യമാണ്. ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി കുടിക്കുവാൻ സാധ്യമല്ല! ആത്മരക്ഷ പ്രാപിക്കുക എന്നതും അതുപോലെ തന്നേയാണ്, തികച്ചും വ്യക്തിപരമായ ഒരു ആവശ്യം. നാം ഓരോരുത്തരും വ്യക്തിപരമായി നമ്മുടെ വിശ്വാസവും ആശ്രയവും കർത്താവായ യേശുവിൽ അർപ്പിക്കേണം. ***"ഇപ്പോൾ ആകുന്നു രക്ഷാദിവസം" (2 കൊരിന്ത്യർ 6:2).***

**ഇത് ആത്മരക്ഷ എന്നവിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ രണ്ടാമത്തേതാണ്.**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A4-ആത്മരക്ഷ

## പാഠം 4 - മരുഭൂമിയിലെ സർപ്പങ്ങൾ

വായനഭാഗം:

**സംഖ്യാപുസ്തകം 21: 4 – 9**

താക്കോൽ വാക്യം:

**"മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നേ" (യോഹന്നാൻ 3:14, 15)**

വിഷസർപ്പങ്ങൾ! ഇങ്ങനെയൊരു ആപത്തു വന്നു ഭവിച്ചപ്പോൾ, യിസ്രായേൽജനം എത്രയധികം ഭയപ്പെട്ടിട്ടുണ്ടായിരിക്കുമെന്ന് നമുക്ക് ഊഹിക്കുവാൻ സാധിക്കും. പാളയത്തിൽ മുഴുവൻ ഒന്നിനു പിറകെ ഒന്നായി മരണം സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന വാർത്ത കേട്ട ജനം എത്രയധികം ഭീതിപരവശരായിത്തീർന്നിരിക്കാം!

എന്നിരുന്നാലും ഈ സംഭവം അവസാനിക്കുന്നത് ഒരു നല്ല വാർത്തയോടുകൂടെയാണ്. ദൈവം അവരുടെ ഇടയിൽ നിന്നും വിഷസർപ്പങ്ങളെ നീക്കിക്കളഞ്ഞുവെന്നു മാത്രമല്ല,

സർപ്പത്തിന്റെ കടിയേറ്റവർക്ക് രക്ഷപ്രാപിക്കുന്നതിനായി ഒരു രക്ഷാമാർഗ്ഗം ഒരുക്കുകയും ചെയ്തു. ഒരിക്കൽകൂടെ, യിസ്രായേൽജനത്തിന്റെ മുമ്പിൽ അവരുടെ ദൈവം ഒരു "രക്ഷയുടെ ദൈവം" എന്നു സ്വയം വെളിപ്പെടുത്തി.

ഈ സംഭവം എപ്രകാരമാണ് ദൈവം നമുക്കായി ഒരുക്കിയിട്ടുള്ള രക്ഷയ്ക്കു ദൃഷ്ടാന്തമായിരിക്കുന്നത് എന്നു മനസ്സിലാക്കുന്നതിനായി നമുക്ക് ഈ സംഭവത്തെ നാലു ഭാഗങ്ങളായി വിഭജിച്ചു ചിന്തിക്കാം:

### 1. അവർ പാപം ചെയ്തു

അവരുടെ പിറുപിറുപ്പുകളെയും പരാതികളെയും കുറിച്ചു വായിക്കുമ്പോൾ, അവർ ദൈവത്തോട് വലിയ നന്ദികേടു കാണിച്ചു എന്നു മാത്രമല്ല, അവർ തീർത്തും അവിശ്വസ്തരുമായിരുന്നു എന്നും അതിനാൽ കുറ്റക്കാരായിരുന്നുവെന്നും നമുക്കു മനസ്സിലാക്കുവാൻ സാധിക്കും ***(വാക്യം 45).*** ഒരുപക്ഷെ അവർ ദൈവത്തോടു പുലർത്തിയ അവിശ്വാസമായിരിക്കാം എല്ലാറ്റിലും വലിയ അപരാധം. അവർ മോശെയോട്, ***"മരുഭൂമിയിൽ മരിക്കേണ്ടതിന് നിങ്ങൾ ഞങ്ങളെ മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്നത് എന്തിന്?"*** എന്നു ചോദിച്ച ചോദ്യത്തിൽ ഈ അവിശ്വാസം വ്യക്തമായി പ്രതിഫലിച്ചിരിക്കുന്നതായി കാണാം.

അവർ ഒരു കാര്യത്തിലല്ല ഒരുപാടു കാര്യങ്ങളിൽ പാപം ചെയ്തു എന്നതു വ്യക്തമാണ് നാമും, എല്ലാവരും അങ്ങനെതന്നെ ***(റോമർ 3:23; 5:12).*** കേവലം കൊലപാതകികളും, ഭീകരപ്രവർത്തകരും, കടുത്ത അധർമ്മപ്രവൃത്തികൾ ചെയ്യുന്നവരും മാത്രമാണ് ദൈവത്തിനെതിരെ പാപം ചെയ്യുന്നവർ എന്നു നാം ചിന്തിക്കുന്നുവെങ്കിൽ നമുക്കു വലിയ തെറ്റു പറ്റിപ്പോയിരിക്കുന്നു! നന്ദികേടും, അഹംഭാവവും, അസൂയയും, അങ്ങനെയുള്ള മറ്റു മനോഭാവങ്ങളും എല്ലാം ദൈവദൃഷ്ടിയിൽ പാപമാണ്. അങ്ങനെ ചെയ്യുന്നവരുടെയെല്ലാം സ്ഥാനം ദൈവത്തിൽനിന്ന് വളരെ അകലെയാണ്.

### 2. അവർ പാപത്തിന്റെ ഫലം അനുഭവിച്ചു

അവർ ചെയ്ത പാപത്തിന് ദൈവം അവർക്കു കൊടുത്ത ശിക്ഷ അതിവേഗത്തിലുള്ളതായിരുന്നു! ***(വാക്യം 6*** കാണുക). ഇന്ന് അനേകരും തെറ്റായ നിലയിൽ ചിന്തിക്കുന്നത്, പാപത്തിന് കൂലിയില്ല എന്നാണ്. അതിനാൽ അവർ തിന്മ ചെയ്തുകൊണ്ട് തങ്ങളുടെ പാപജീവിതം അങ്ങനെതന്നേ തുടരുന്നു. എന്നാൽ, ബൈബിൾ അതിനു വിപരീതമായാണ് പഠിപ്പിക്കുന്നത്; ***സഭാപ്രസംഗി 8:11; റോമർ 6:23*** എന്നീ വേദഭാഗങ്ങൾ വായിക്കുക.

ദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും ലംഘിച്ചാൽ, ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള കഷ്ടതകൾ അനുഭവിക്കേണ്ടിവരും. ചിലപ്പോൾ അതിന്റെ "കൂലി" ഈ ലോകജീവിതകാലത്തു തന്നേ ലഭിച്ചു എന്നുവരാം. ചിലപ്പോൾ ഈ ജീവിതം അവസാനിക്കുന്നതു വരെയും ശിക്ഷ ലഭിച്ചില്ല എന്നും വരാം. എന്നാൽ, നമ്മുടെ എല്ലാ പാപങ്ങൾക്കും പൂർണ്ണമായ ക്ഷമ ലഭിക്കുന്നതിനായി നാം രക്ഷിതാവും കർത്താവുമായ യേശുവിൽ നമ്മുടെ വിശ്വാസവും ആശ്രയവും അർപ്പിച്ച് അവന്റെ അടുത്തേയ്ക്ക് കടന്നുചെല്ലണമെന്നുള്ളത് എത്രയോ പ്രാധാന്യമേറിയ കാര്യമായിരിക്കുന്നു!

### 3. അവർ അനുതാപമുള്ളവരായി, മാനസാന്തരപ്പെട്ടു

***സംഖ്യാ21:7***ൽ അവർ മോശെയോട് ഏറ്റു പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുക. അവരുടെ മനോഭാവവും പെരുമാറ്റരീതികളും പൂർണ്ണമായി മാറി എന്ന കാര്യവും മനസ്സിലാക്കുക. ഇപ്രകാരം "മനം തിരിയുന്നതിന്" ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന പദം "മാനസാന്തരം" എന്നാണ്. യിസ്രായേൽ ജനം ദൈവത്തോട് അവിശ്വസ്തരായിരുന്നുകൊണ്ടു ദൈവത്തിനെതിരേ പറഞ്ഞ സകല വാക്കുകളും ഓർത്ത് അവർ അനുതപിച്ചു, ആത്മാർത്ഥമായി ദൈവത്തിന്റെ മുമ്പാകെ തങ്ങളെത്തന്നെ താഴ്ത്തുകയും ദൈവത്തിന്റെ ദയയ്ക്കായി യാചിക്കുകയും ചെയ്തുകൊണ്ട് അവർ മാനസാന്തരപ്പെട്ടു.

ഈ ഒരു മനോഭാവം നമ്മോടുള്ള ബന്ധത്തിലും ഏറ്റവും അത്യാവശ്യമാണ്. നമുക്ക് ദൈവത്തിന്റെ രക്ഷ ലഭിക്കണമെങ്കിൽ, നാം നമ്മുടെ പാപങ്ങളെ ഓർത്ത് അനുതപിക്കുകയും, അത് ഹൃദയപൂർവ്വം ദൈവത്തോട് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുകയും വേണം. ***1 യോഹന്നാൻ 1:9; സങ്കീർത്തനങ്ങൾ 51:1– 4*** വായിക്കുക.

### 4. അവർ രക്ഷ പ്രാപിച്ചു

സർപ്പത്തിന്റെ മാരകമായ വിഷം ശരീരത്തിൽ പടർന്നുകയറിക്കൊണ്ടിരുന്നവരിൽ പോലും,തന്റെ അളവില്ലാത്ത ശക്തി വ്യാപരിപ്പിച്ച്അവർക്കു ജീവൻ കൊടുക്കുവാൻ ദൈവം മനസ്സലിവു കാണിച്ചു. സർപ്പത്തിന്റെ കടിയേറ്റവർ ദൈവത്തിന്റെ വചനം അനുസരിക്കുക മാത്രം ചെയ്തുകൊണ്ട് പാളയത്തിൽ അവരുടെ മദ്ധ്യേ ഉയർത്തിയ പിച്ചളസർപ്പത്തെ നോക്കിയാൽ അവർ ചെയ്ത അതിക്രമങ്ങളുടെ അനന്തരഫലങ്ങളിൽനിന്നു അവർക്കു "രക്ഷ" പ്രാപിക്കാമായിരുന്നു. ആ ദിവസം നന്ദിയോടെ പിച്ചളസർപ്പത്തെ ***"നോക്കുകയും, ജീവിക്കുകയും"*** ചെയ്ത അനേകരുണ്ടായിരുന്നു ***(വാക്യം 9*** കാണുക).

ഈ വേദഭാഗത്ത് നമ്മോടുള്ള ബന്ധത്തിൽ സംഭവിക്കുന്ന കാര്യങ്ങളുടെ വ്യക്തമായ ഒരു ചിത്രം കാണാം. താക്കോൽവാക്യത്തിൽ കർത്താവായ യേശു പറഞ്ഞ വാക്കുകൾ വായിക്കുക. "**മനുഷ്യപുത്രൻ**" എന്ന് അവൻ അവിടെ പറഞ്ഞിരിക്കുന്നത് തന്നെക്കുറിച്ചുതന്നേയാണ്. അവൻ ക്രൂശിൽ "**ഉയർത്തപ്പെടുമെന്നും**" അവന്റെ മരണം മുഖാന്തരം അവനിൽ വിശ്വസിക്കുന്ന എല്ലാവർക്കും നിത്യജീവൻ ലഭിക്കുമെന്നുമാണ് അവൻ പറഞ്ഞതിന്റെ അർത്ഥം.

മരുഭൂമിയിലായിരുന്ന യിസ്രായേൽജനത്തെ സംബന്ധിച്ച്, അത് പാപത്തിന്റെ ഫലമായ മരണം അനുഭവിക്കുന്ന, അല്ലെങ്കിൽ ദൈവത്തിന്റെ വഴി തിരഞ്ഞെടുത്തതിനാൽ ജീവൻ കണ്ടെത്തുന്ന ഒരു സംഭവമായിരുന്നു. നമ്മെ സംബന്ധിച്ചിടത്തോളം, നമ്മുടെ തിരഞ്ഞെടുപ്പ് അതിനേക്കാൾ നിർണ്ണായകമാണ്; അത് ഒന്നുകിൽ, ദൈവത്തിൽനിന്ന് എന്നേയ്ക്കുമായി അകന്നു പോകുകയും നമ്മുടെ പാപത്തിനുള്ള ശിക്ഷ ഏറ്റുവാങ്ങുകയും ചെയ്യുവാൻ ഇടയാക്കുന്നു, അല്ലെങ്കിൽ ദൈവത്തെയും അവിടുന്ന് ക്രിസ്തുവിലൂടെ നമുക്കു തരുവാൻ പ്രസാദിച്ചിരിക്കുന്ന സകല അനുഗ്രഹങ്ങളും അനുഭവിച്ചറിഞ്ഞ് നിത്യജീവൻ അവകാശമാക്കുവാൻ ഇടയാക്കുന്നു ***(യോഹന്നാൻ 3:36; 17:3).*** ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യജീവൻ തിരഞ്ഞെടുക്കുക എന്നത് എത്രയധികം പ്രാധാന്യമുള്ള ഒരു കാര്യമായിരിക്കുന്നു!



പിച്ചള സർപ്പത്തെ ഉയർത്തിയിരിക്കുന്നു   അവലംബം: വിക്കിപീഡിയ

**ഇത് ആത്മരക്ഷ എന്നവിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ രണ്ടാമത്തേതാണ്.**

# ഉത്തരക്കടലാസ്
## A4-ആത്മരക്ഷ
### പാഠം 3 - പാറയിൽനിന്നു വെള്ളം

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ചുരുങ്ങിയ വാക്കുകളിൽ ഉത്തരം എഴുതുക:** / 3

A) യിസ്രായേൽജനം എവിടെനിന്നാണു വന്നത്? ____________________

B) അവർ എവിടേയ്ക്കായിരുന്നു പോകുന്നത്? ____________________

C) എങ്ങനെയുള്ള സ്ഥലത്തുകൂടെയായിരുന്നു അവർ കടന്നുപൊയ്ക്കൊണ്ടിരുന്നത്?

____________________

**2. ആരാണ് ഈ വാക്കുകൾ പറഞ്ഞത്?** / 3

A) "ഞങ്ങൾക്ക് കുടിപ്പാൻ വെള്ളം തരിക ……" ____________________

B) "ഈ ജനത്തിനു ഞാൻ എന്തു ചെയ്യേണ്ടു?" ____________________

C) "നീ പാറയെ അടിക്കേണം" ____________________

**3. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്കു നേരെ ശരി അല്ലെങ്കിൽ തെറ്റ് എന്നെഴുതുക. നിങ്ങളുടെ ഉത്തരത്തിനു ആധാരമായ വാക്യസൂചനയും നൽകുക.** / 8

| | ശരി/തെറ്റ് | വാക്യം |
|---|---|---|
| A) അവരുടെ മൃഗങ്ങളും ദാഹം കൊണ്ട് ചാകാറായിരുന്നു | ______ | ______ |
| B) മോശെ മുമ്പും ദൈവത്തിനുവേണ്ടി തന്റെ വടി ഉപയോഗിച്ചിരുന്നു | ______ | ______ |
| C) മോശെ അടിച്ച പാറ ഹെബ്രോനിൽ ആയിരുന്നു | ______ | ______ |
| D) "യഹോവ ഞങ്ങളുടെ ഇടയിൽ ഉണ്ടോ ഇല്ലയോ" എന്നു ജനം ചോദിച്ചു. | ______ | ______ |

**4. യിസ്രായേൽ ജനത്തിന്റെ ദാഹം ഏതു നിലയിലാണ് നമ്മുടെ ജീവിതത്തിന്റെ ഒരു 'ചിത്രം' ആയിരിക്കുന്നത്?** / 2

____________________

____________________

**5. *യിരമ്യാവ് 2:13*ൽ ദൈവം തന്റെ ജനമായ യിസ്രായേലിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന വാക്കുകൾ വായിച്ചതിനുശേഷം, താഴെക്കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:** / 2

A) ഈ വാക്യത്തിൽ ദൈവം തന്നെക്കുറിച്ചുതന്നേ പറഞ്ഞിരിക്കുന്നത് എന്താണ്?

____________________

B) ദൈവം ജനത്തിനു വാഗ്ദത്തം ചെയ്ത നന്മകൾക്കു പകരം ജനം തിരഞ്ഞെടുത്തത് എന്താണ്?

____________________

**6. *1 കൊരിന്ത്യർ 10:4* വായിച്ചതിനുശേഷം, അവിടെ പറഞ്ഞിരിക്കുന്ന "പാറ"യ്ക്കു നൽകിയിരിക്കുന്ന "ആത്മിക അർത്ഥം" എന്താണെന്ന് ഒരു വാചകത്തിൽ വിവരിക്കുക.** / 2

____________________

____________________

**7. *യോഹന്നാൻ 7:37* വായിച്ചതിനുശേഷം താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:** /5

A) ആരാണ് വെള്ളം കുടിക്കുവാൻ ക്ഷണിച്ചിരിക്കുന്നത്? ____________________

B) ആരെയാണു ക്ഷണിച്ചിരിക്കുന്നത്? ____________________

C) 'ക്ഷണിക്കപ്പെട്ടവരോട് എന്തു ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്?' ____________________

D) ഈ വാക്യത്തോട് ഏറ്റവും സാമ്യമുള്ള താക്കോൽ വാക്യത്തിൽ, ഈ ക്ഷണം സ്വീകരിക്കുന്നവർ കൊടുക്കേണ്ട വിലയെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. അതു വിശദമാക്കുന്ന രണ്ടു വാക്കുകൾ ഏവ? __________ __________

E) "ജീവജലം വാങ്ങട്ടെ" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, നിങ്ങൾക്കു സാധിക്കുന്ന അത്രയും, വ്യക്തമായി വിവരിക്കുക.' ____________________

____________________

**ചിന്തിക്കുക:** മനുഷ്യർ തങ്ങളുടെ ജീവിത സംതൃപ്തിക്കുവേണ്ടി ഉപയോഗിക്കാറുള്ള ചില വസ്തുക്കളെക്കുറിച്ച്. എങ്ങനെയാണ് താങ്കൾ യേശുകർത്താവിനെ താങ്കളുടെ ജീവിതത്തിൽ യഥാർത്ഥ സംതൃപ്തിയുടെയും സമാധാനത്തിന്റെയും ഉറവിടമായി കണ്ടെത്തിയത്?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A4-ആത്മരക്ഷ

### പാഠം 4 - മരുഭൂമിയിലെ സർപ്പങ്ങൾ

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. ***സംഖ്യാപുസ്തകം 21:5*** **വായിച്ചതിനുശേഷം, താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:** / 3

   A) ഈ വാക്യം നൽകുന്ന സൂചന ദൈവം യിസ്രായേൽ ജനത്തിനു നൽകിയ വിശിഷ്ടമായ അപ്പത്തെക്കുറിച്ച് അല്ലെങ്കിൽ ആഹാരത്തെക്കുറിച്ചാണ്. അതിന്റെ പേര് എഴുതുക. അതിനെക്കുറിച്ച് ഒരു വാചകത്തിൽ വിവരിക്കുക. സഹായത്തിനായി ***പുറപ്പാട് 16:14, 15, 31*** വാക്യങ്ങൾ ഉപയോഗിക്കാവുന്നതാണ്. ______

   B) യിസ്രായേൽ ജനം പറഞ്ഞ അവാസ്തവമായ ഒരു കാര്യം എന്താണെന്ന് എഴുതുക ______

2. **അഗ്നിസർപ്പത്തിന്റെ കടിയേറ്റവർ മരിക്കാതിരിക്കേണ്ടതിന് എന്തു ചെയ്യണമെന്നാണ് ദൈവം മോശെയോടു കല്പിച്ചത്?** / 2

   ______

3. ***റോമർ 3:23*** **ൽ പറഞ്ഞിരിക്കുന്നതനുസരിച്ച് എന്തുകൊണ്ടാണ് ഇന്നു മനുഷ്യർക്ക് രക്ഷിക്കപ്പെടേണ്ടതായ ആവശ്യം വന്നിരിക്കുന്നത്?** / 2

   ______

4. **താഴെക്കൊടുത്തിരിക്കുന്ന പാപങ്ങളെ അവയെക്കുറിച്ചു പറഞ്ഞിരിക്കുന്ന ശരിയായ വാക്യ സൂചനകളുമായി ബന്ധിപ്പിച്ചുകൊണ്ട് അടയാളപ്പെടുത്തുക** /3

| | |
|---|---|
| നന്ദികേട് | ***യോഹന്നാൻ 3: 18*** |
| വ്യാജം പറയുക | ***സദൃശവാക്യങ്ങൾ 12: 22*** |
| അവിശ്വാസം | ***റോമർ 1: 21*** |

5. **പാപം കഷ്ടതകളിലേയ്ക്കും അതിന്റെ അനന്തരഫലങ്ങളിലേയ്ക്കും മനുഷ്യരെ കൊണ്ടു ചെന്നെത്തിക്കുന്നു.** /2

   A) ***ഗലാത്യർ 6:7*** വാക്യത്തിന്റെ അവസാനഭാഗം എഴുതുക

   ______

   B) ഇങ്ങനെയുള്ള ആൾക്കാരെക്കുറിച്ചുള്ള ഒരു ഉദാഹരണം സമൂഹത്തിൽ നിന്നോ കുടുംബത്തിൽ നിന്നോ നൽകുക

   ______

6. **ദാവീദ് ബത്ത്ശേബയോടു പാപം ചെയ്തതിനുശേഷം,** ***സങ്കീർത്തനം 51:14*** **ൽ തന്റെ പാപം ദൈവത്തോട് ഏറ്റുപറയുന്നുണ്ട്. ഈ വാക്യഭാഗത്തോടു ബന്ധപ്പെട്ട താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:** /8

   എ) ആരോടാണ് ദാവീദ് യഥാർത്ഥത്തിൽ പാപം ചെയ്തത്? ______

   ബി) ദാവീദ് തന്റെ പാപത്തെ കുറിക്കുന്നതിന് ഉപയോഗിച്ച മറ്റൊരു പദം എഴുതുക ______

   സി) ദൈവം ദാവീദിനോട് കാണിക്കണമെന്ന് അവൻ അപേക്ഷിച്ചിരിക്കുന്ന മൂന്നു കാര്യങ്ങൾ ഏവ?

   ______ ______ ______

   ഡി) തന്റെ പാപം ക്ഷമിച്ചുകിട്ടുവാൻ ദാവീദ് ദൈവത്തോട് അപേക്ഷിച്ച പ്രാർത്ഥനയിൽ അവൻ ഉപയോഗിച്ചിട്ടുള്ള മൂന്നു ക്രിയാപദങ്ങൾ ഏതെല്ലാം? ______ ______ ______

7. **യിസ്രായേൽ ജനത്തിനുണ്ടായ അനുഭവത്തെ ദൈവം നമുക്കായി ചെയ്ത കാര്യത്തോടു താരതമ്യപ്പെടുത്തിക്കൊണ്ട് താഴെക്കൊടുത്ത ഭാഗങ്ങൾ പൂരിപ്പിക്കുക** / 5

| | **യിസ്രായേൽജനം –** ***സംഖ്യ 21:4 – 9*** | **നമ്മൾ** ***യോഹന്നാൻ 3:14,15*** |
|---|---|---|
| എന്തിനെ/ആരെയാണ് ഉയർത്തിയത്? | പിച്ചളസർപ്പത്തെ | ______ |
| ജനം എന്താണു ചെയ്യേണ്ടിയിരുന്നത്/ചെയ്യേണ്ടത്? | ______ | ______ |
| എന്തായിരുന്നു/ എന്തായിരിക്കും ഫലം? | ______ | ______ |

**ചിന്തിക്കുക:** മനുഷ്യർക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നത് എങ്ങനെയെന്ന് താങ്കൾ ആരോടെങ്കിലും എങ്ങനെ വിശദീകരിക്കും? അതിനായി ഈ പാഠത്തിൽ കാണിച്ചിട്ടുള്ള ഏതെങ്കിലും വാക്യം താങ്കൾക്കു ഉപയോഗപ്പെടുത്തുവാൻ കഴിയുമോ?

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

© Bible Educational Services | Visit : www.besweb.com | 6/2022